(സി&ഡി) വേൾഡ് ഫുഡ് പ്രോഗ്രാം ഒരു പ്രോജക്ട് അഡ്വൈസറിനെ പൂർണ്ണമായും സിവിൽ സപ്ലൈസ് വകുപ്പിനായി നിയമിച്ചിട്ടുണ്ട്. റേഷൻ വ്യാപാരികളുടെ Viability (സാമ്പത്തിക ക്ഷമത) സംബന്ധിച്ച പഠനം WFP യുടെ നേതൃത്വത്തിൽ നടന്നുവരുന്നു. ഇതുകൂടാതെ ഒരു ടെക്നോളജി വിദഗ്ദ്ധന്റെ സേവനം ലഭ്യമാക്കുന്നതിന് WFP തയ്യാറായിട്ടുണ്ട്. ഇതിനായുള്ള നിർദ്ദേശങ്ങൾ പരിഗണനയിലാണ്. സപ്ലൈകോ മുഖാന്തിരം നടപ്പാക്കാനുദ്ദേശിക്കുന്ന ഡോർ ടു ഡോർ ഡെലിവറിയുടെ സാങ്കേതിക ഉപദേശം നൽകുന്നതിനും WFP തയ്യാറായിട്ടുണ്ട്. ഇതിനായി WFP യുടെ ലോജിസ്റ്റിക്സ് വിഭാഗം തലവനായ ശ്രീ. ബർണാർഡ് ചോമിലിയർ 2014 നവംബർ മാസത്തിൽ സംസ്ഥാനം സന്ദർശിച്ചിരുന്നു. റേഷൻ വ്യാപാരികളുടെ സാമ്പത്തിക ക്ഷമത കണക്കാക്കുന്നതിനുവേണ്ടി വിശദമായ ചോദ്യാവലി തയ്യാറാക്കി കുടുംബശ്രീയുടെ സഹായത്തോടെ സർവ്വേ നടത്തി വിവരങ്ങൾ ശേഖരിച്ച് അന്തിമ റിപ്പോർട്ട് തയ്യാറാക്കി വരുന്നു. റേഷൻകടകൾ കമ്പ്യൂട്ടർവൽക്കരിക്കുന്നതിനായി ഇ-പോസ് മെഷീനുകളുടെ പരീക്ഷണം നടത്തുന്നതിനും ടെസ്റ്റ് ഡോക്യുമെന്റ് തയ്യാറാക്കുന്നതിനും WFP-യുടെ സാങ്കേതിക സഹായം ലഭിക്കും.

പാചകവാതക വിതരണം

244(3169) ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പാചകവാതക സിലിണ്ടർ വിതരണ ദിവസം കൺസ്യൂമറിന്റെ മൊബൈലിൽ എസ്.എം.എസ്. ചെയ്യുവാൻ നടപടി സ്വീകരിക്കുമോ ; വിശദമാക്കുമോ ?

ഉത്തരം

നിലവിൽ ഇതിനുള്ള സംവിധാനം ഇല്ല എന്നാണ് എണ്ണക്കമ്പനികളുടെ സംസ്ഥാനതല കോ-ഓർഡിനേറ്റർ അറിയിച്ചിരിക്കുന്നത്. സിലിണ്ടർ വിതരണം ചെയ്യുന്ന തീയതി കൺസ്യൂമറിന്റെ മൊബൈലിൽ എസ്.എം.എസ്. ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ ഓയിൽ കമ്പനികളോട് ആവശ്യപ്പെട്ടുന്നതാണ്.

സപ്ലൈകോയിൽ സബ്സിഡി ഇനങ്ങൾ

245(3170) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുൻസർക്കാരിന്റെ കാലത്ത് എത്ര നിത്യോപയോഗ സാധനങ്ങൾക്കാണ് സപ്ലൈകോയിൽ സബ്സിഡി അനുവദിച്ചത് എന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സബ്സിഡി സാധനങ്ങളുടെ എണ്ണത്തിൽ വെട്ടി കുറവു വരുത്തുകയുണ്ടായോ ;

(സി) എങ്കിൽ ഏതു ഇനങ്ങൾ കുറച്ചു എന്നും, കുറവു വരുത്തുവാനുള്ള കാരണവും വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) സപ്ലൈകോ വില്പനശാലകൾവഴി മുൻകാലങ്ങളിൽ (അതായത് 31-7-2012 വരെ) സബ്സിഡി നിരക്കിൽ വിതരണം ചെയ്തിരുന്ന സാധനങ്ങളുടെയും 1-8-2012 മുതൽ നിലവിൽ സബ്സിഡി നിരക്കിൽ വിതരണം ചെയ്യുവരുന്നതുമായ സാധനങ്ങളുടെയും വിവരം താഴെ ചേർക്കുന്നു:

ക്രമ നമ്പർ	മുൻ സർക്കാരിന്റെ കാലത്ത് സബ്സിഡി നിരക്കിൽ വിതരണം ചെയ്ത സാധനങ്ങളുടെ വിവരം	നിലവിൽ സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്ന സാധനങ്ങളുടെ വിവരം
1	ഉഴുന്ന് (ബോൾ)	ഉഴുന്ന് (ബോൾ)
2	ഉഴുന്ന് (പിളർന്നത്)	വൻപയർ
3	വൻപയർ	ഇവരപരിപ്പ്
4	ഇവരപരിപ്പ്	മുളക്
5	മുളക്	മല്ലി
6	മല്ലി	പഞ്ചസാര
7	പഞ്ചസാര	പച്ചരി
8	പച്ചരി	മട്ട അരി
9	മട്ട അരി	ജയ അരി
10	പീസ് പരിപ്പ്	കുറുവ അരി
11	ബോധന അരി	വൻകടല
12	ഉലുവ	ചെറുപയർ
13	കടുക്	വെളിച്ചെണ്ണ
14	ജീരകം	

LIBRARY ARCHIVES Kerala Legislative Assembly

2006-2010 കാലഘട്ടത്തിൽ ചെറുപയർ, കടല എന്നിവ ഭാരത സർക്കാർ സംസ്ഥാന സർക്കാരുകൾക്ക് സബ്സിഡി നിരക്കിൽ വിതരണം ചെയ്തിരുന്നു. അങ്ങനെ സബ്സിഡി നിരക്കിൽ ലഭിച്ച ചെറുപയറും കടലയും കേന്ദ്ര ഗവൺമെന്റിൽ നിന്നും ലഭിക്കുന്നതനുസരിച്ച് ആ കാലയളവിൽ സപ്ലൈകോ സബ്സിഡി നിരക്കിൽ വിറ്റഴിച്ചിരുന്നു.

സപ്ലൈകോ വിൽപ്പനശാലകളിൽ പൊതുവെ വിൽപ്പന കുറവുള്ളതും ജനങ്ങൾ കൂട്ടതലായി ആവശ്യപ്പെടാത്തതുമായ ഉഴുന്ന് പരിപ്പ്, കടുക്, ജീരകം, ഉലുവ, പീസ് പരിപ്പ്, ബോധന അരി എന്നീ ഇനങ്ങളെ സബ്സിഡി നൽകുന്നതിൽ നിന്ന് 1-8-2012 മുതൽ ഒഴിവാക്കുകയും പകരം കേരളത്തിലെ ജനങ്ങൾ കൂട്ടതലായി ഉപയോഗിക്കുന്ന ചെറുപയർ, വൻകടല, ജയ അരി, കുറുവ അരി, വെളിച്ചെണ്ണ എന്നിവയെ സബ്സിഡി ഇനങ്ങളായി ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

വിൽപ്പന കൂട്തലുള്ള നിത്യോപയോഗ സാധനങ്ങൾ ഒന്നും സബ്സിഡിയിൽ നിന്ന് ഒഴിവാക്കിയിട്ടില്ല. സബ്സിഡി ഒഴിവാക്കിയ ഇനങ്ങൾ ജനങ്ങൾ കൂടുതലായി ആവശ്യപ്പെടാത്തതാണ്.

സബ്സിഡിയിൽ നിന്ന് ഒഴിവാക്കിയ ഇനങ്ങൾ, സപ്ലൈകോ ഇ-ടെൻഡർ വഴി വാങ്ങുന്ന വിലയോടൊപ്പം കടത്തുകൂലിയും കൈകാര്യ ചെലവുകളും മാത്രം ചേർത്ത് ഫ്രീ സെയിൽ സബ്സിഡി നിരക്കുകളിലാണ് വിൽപ്പന നടത്തുന്നത്. ഈ വിലകൾ പൊതു വിപണിയിലെ വിലയേക്കാൾ 10% വരെ കുറവാണ്. ഈ ഇനങ്ങൾക്ക് നിലവിൽ വിൽപ്പന നിയന്ത്രണങ്ങൾ ഒന്നും ഇല്ല.

വെളിച്ചെണ്ണയിലെ മായം

246(3171) <u>ശ്രീമതി കെ. കെ. ലതിക</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സപ്ലൈകോവഴി ഏതെല്ലാം കമ്പനികളുടെ വെളിച്ചെണ്ണയാണ് വിൽപ്പന നടത്തുന്നത് എന്ന് വ്യക്തമാക്കുമോ ;

(ബി) ഇതിൽ ഏത് കമ്പനിയുടെ വെളിച്ചെണ്ണയിലാണ് പാരഫിൻ വാക്സ് എന്ന വിഷം കലർന്നതായി കണ്ടെത്തിയിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത കമ്പനിക്കെതിരെ എന്തെല്ലാം നിയമ നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly